**കേരള സർക്കാർ**

സംഗ്രഹം

ധനകാര്യ വകുപ്പ് – സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം – പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ , മറ്റ് വായ്പ സംഘങ്ങൾ എന്നിവ വഴിയുള്ള വിതരണം - നടപടി ക്രമങ്ങൾ ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ് എഫ് സി -ബി ) വകുപ്പ്**

സ ഉ (എം എസ് )നം.381/2017/ധന തിരുവനന്തപുരം തിയതി 17.08.2017

പരാമർശം :- 1. സ.ഉ ( എം എസ് ) 324/2016/ധന തിയതി 15/08/2016

2. സ.ഉ ( സാധാ ) 6950/2016/ധന തിയതി 23/08/2016

3. സ ഉ ( സാധാ) 7153/2016/ധന തിയതി 30/08/2016

4. സ ഉ (എം എസ് )503/2016/ധന തിയതി 21/12/2016

5. സ ഉ (എം എസ് )515/2016/ധന തിയതി 27/12/2016

6. 07/07/2017 തിയതി ധനകാര്യ ജോയിന്റ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിന്റെ മിനിറ്റ്സ്

**ഉത്തരവ്**

സാമൂഹ്യ സുരക്ഷ പെൻഷൻ ധ്രുതഗതിയിൽ നടത്തുന്നതിലേക്ക് പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ , മറ്റ് വായ്പ സംഘങ്ങൾ എന്നിവ മുഖാന്തിരം ഗുണഭോക്താവിന്റെ വീട്ടിൽ എത്തിക്കുന്ന പദ്ധതിക്ക് പരാമർശം (1) പ്രകാരം സർക്കാർ അംഗീകാരം നൽകുകയുണ്ടായി. ഒരു ഗുണഭോക്താവിന് പെൻഷൻ വിതരണം ചെയ്യുന്നതിന് 50 രൂപ നിരക്കിൽ പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ , മറ്റ് വായ്പ സംഘങ്ങൾ എന്നിവക്ക് ലഭിക്കുന്നതാണെന്ന് പരാമർശം (3) പ്രകാരം സർക്കാർ ഉത്തരവായിരുന്നു. ഗുണഭോക്താവിന്റെ വീട്ടിൽ എത്തിക്കുന്നതിനുള്ള തുക ഡി ബി റ്റി സെൽ പിൻവലിച്ച് അതാത് ജില്ലാ സഹകരണ ജോയിന്റ് രജിസ്റ്റാർ മുഖാന്തിരം

പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾക്ക് നൽകുകയും വിതരണത്തിന് ശേഷം വിതരണം ചെയ്യപ്പെടാത്ത തുക പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ നേരിട്ട് ഡി ബി റ്റി സെല്ലിലേക്ക് ട്രാൻസ്ഫർ ചെയ്യേണ്ടതുമാണെന്ന് പരാമർശം (4) പ്രകാരം ഉത്തരവായിരുന്നു. ഇത്തരത്തിൽ വിതരണത്തിനായി നൽകുന്ന തുക ഒരു നിശ്ചിത സമയ പരിധിക്കുള്ളിൽ വിതരണം ചെയ്യേണ്ടതാണെന്നും പെൻഷൻ തുക പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ , മറ്റ് വായ്പ സംഘങ്ങൾ എന്നിവയിലേക്ക് ട്രാൻസ്ഫർ ചെയ്ത് 15 ദിവസത്തിനുള്ളിൽ വിതരണം നടത്തണമെന്നും സമയ പരിധിക്കുള്ളിൽ വിതരണം ചെയ്യപ്പെടാത്ത തുക തിരികെ ഡി ബി റ്റി സെല്ലിൽ തിരിച്ചെത്തുന്ന തരത്തിൽ പെൻഷൻ വിതരണം ക്രമപ്പെടുത്തണമെന്നും ഇത്തരത്തിൽ ഡി ബി റ്റി സെല്ലിൽ എത്തുന്ന തുക സഹകരണ വകുപ്പ് ജില്ലാ ജോയിന്റ് രജിസ്ട്രാർ മുഖാന്തിരം എത്തേണ്ടതാണെന്നും അത് കണക്കുകളുടെ ഒത്തു നോക്കൽ സുഗമമാക്കുമെന്നുമുള്ള നിർദ്ദേശങ്ങൾ സർക്കാരിൽ ലഭിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം സുഗമവും വേഗത്തിലും ആക്കുന്നതിലേക്കും കണക്കുകൾ സുതാര്യമാക്കുന്നതിലേക്കും ചുവടെ ചേർത്തിരിക്കുന്ന ഉത്തരവുകൾ പുറപ്പെടുവിക്കുന്നു.

i) ഗുണഭോക്താവിന്റെ വീട്ടിൽ എത്തിക്കുന്നതിലേക്കുള്ള തുക ഡി ബി റ്റി സെൽ പിൻവലിച്ച് അതാത് ജില്ലാ സഹകരണ ജോയിന്റ് രജിസ്ട്രാർ മുഖാന്തിരം പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾക്ക് കൈ മാറ്റം ചെയ്ത് 15 ദിവസത്തിനുള്ളിൽ വിതരണം ചെയ്യേണ്ടതാണ്.

ii) നിശ്ചിത സമയ പരിധിക്കുള്ളിൽ വിതരണം ചെയ്യപ്പെടാത്ത തുക, നേരിട്ട് ഡി ബി റ്റി സെല്ലിൽ എത്തുന്ന നിലവിലെ രീതിക്ക് പകരം , പ്രാഥമിക കാർഷിക/ മറ്റ് വായ്പാ സംഘങ്ങൾ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ സഹകരണ വകുപ്പ് ജില്ലാ ജോയിന്റ് രജിസ്ട്രാർമാരുടെ സ്പെഷ്യൽ ടി എസ് ബി അക്കൗണ്ടിലേക്ക് തിരിച്ചടക്കേണ്ടതും , ആയത് ജില്ലാ സഹകരണ ജോയിന്റ് രജിസ്ട്രാർമാർ പരാമർശം (5) ലെ സർക്കാർ ഉത്തരവ് പ്രകാരം പഞ്ചായത്ത് ഡയറക്ടറുടെ പേരിൽ വെള്ളയമ്പലം സബ് ട്രഷറിയിൽ

ആരംഭിച്ചിട്ടുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ അക്കൗണ്ട് നമ്പർ 799012100000001 ലേക്ക് തിരിച്ചടക്കേണ്ടതാണ്.

iii) ഈ നടപടി ക്രമം പാലിക്കുന്നുണ്ടെന്ന് ജില്ലാ സഹകരണ ജോയിന്റ് രജിസ്ട്രാർമാർ ഉറപ്പ് വരുത്തേണ്ടതാണ്.

iv) മുകളിൽ ഉത്തരവായതനുസരിച്ച് സേവന സോഫ്റ്റ്വെയറിൽ ഐ കെ എം ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതാണ്.

3. പരാമർശത്തിലെ (1),(4) എന്നീ സർക്കാർ ഉത്തരവുകൾ ഇത്തരത്തിൽ ഭേദഗതി ചെയ്യുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രതീപ് കുമാർ ബി
ധനകാര്യ ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി,തദ്ദേശ സ്വയം ഭരണ വകുപ്പ്
ട്രഷറി ഡയറക്ടർ ,തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ ,തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ ,തിരുവനന്തപുരം
സഹകരണ സംഘം രജിസ്ട്രാർ
തദ്ദേശ സ്വയം ഭരണ (ഡി സി )വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ , വെബ് & ന്യൂ മീഡിയ വിഭാഗം ,വിവര പൊതു ജന സമ്പർക്ക വകുപ്പ്
ഇൻഫർമേഷൻ കേരള മിഷൻ ,തിരുവനന്തപുരം
നോഡൽ ഓഫീസർ ,ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
കരുതൽ ശേഖരം /ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ